©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 ജൂലൈ 04
04th July 2026
1201 മിഥുനം 20
20th Mithunam 1201
1948 ആഷാഢം 13
13th Ashadha 1948

നമ്പർ
No.
1997

ഫോറം നമ്പർ 7

[റൂൾ 18 (1) കാണുക]

വിജ്ഞാപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം

DCKNR/510/2024 – C3 *2026 ജൂൺ 17*

കേരള സർക്കാർ 04/12/2015 തിയ്യതിയിലെ ജി ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ,എൽഎ(ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നംവില നടപടി പ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ എ) കളക്ടറേറ്റ് കണ്ണൂർ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കാര്യനിർവാഹകനായി നിയോഗിക്കപ്പെട്ടതിനാലും

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കണ്ണൂർ ജില്ലയിൽ എളയാവൂർ വില്ലേജിൽ പുളിക്കോം പാലം നിർമ്മിക്കാൻ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരളം സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടും ,

ആയതുകൊണ്ട് , ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു .

മേൽ പ്രസ്താവിച്ച പ്രകാരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താത്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതുഅറിയിപ്പ് നൽകിയ ശേഷം 60 ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളത്തീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവനസഹിതം സ്പെഷ്യൽ തഹസിദാർ എൽ എ (ജനറൽ) തലശ്ശേരി മുൻപാകെ സമർപ്പിക്കേണ്ടതാണ് . നിശ്ചിത കാലാപരിധിക്കു ശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും /ആക്ഷേപങ്ങളും ആക്ഷേപകന് ഭൂമിയിൻമേലുള്ള താത്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും / ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപെടുന്നതായിരിക്കും .

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യാഗിക വെബ്സൈറ്റായ **www .kannur .nic .in** ൽ ലഭ്യമാണ് . ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട് .

പട്ടിക

(ആകെ വിസ്തീർണമാണ് നൽകിയിരിക്കുന്നത്)

ജില്ല : കണ്ണൂർ *വില്ലേജ്*: എളയാവൂർ

താലൂക്ക്: കണ്ണൂർ *ദേശം* : മുണ്ടയാട് BL–219

ക്രമ നമ്പർ	സർവ്വേ നമ്പർ	ഭൂമിയുടെ വിവരണം	വിസ്തീർണം (ഹെക്ടറിൽ)	ഏത് പൊതു ആവശ്യത്തിന് എന്ന്	ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട	കൈവശക്കാരുടെ വിവരങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

					കാരണം	
1	62/2	നിലം	0.0622	പൂളിക്കോം പാലം പുനർനിർമാണത്തിനായി	കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതില്ല	1). അഷ്റഫ്, 'അബുഗർ' കണ്ണക്കര, പി .ഒ താണ 670012
2	63	നിലം				2). ഹിരൺ ," ഹെൽന " തോട്ടട പി.ഒ തോണിയോട്ട് കാവിന് സമീപം , 670007
3	64	തോട്ടം				3) സദാന്ദൻ മുതൽ പേര് ,അഞ്ജന അതിരകം റോഡ് പി.ഒ മുണ്ടയാട് 670514
4	62/5	നഞ്ച				4) നൗഷാദ് നൗഷാദ് മൻസിൽ വെറ്റില പള്ളി കണ്ണൂർ സിറ്റി 670003
5	76	പുറമ്പോക്ക്				
6	77/2	നഞ്ച				5)ഭാനുമതി , സി-511, അജന്ത എംബ്രെസ്സ് , നവി മുംബൈ , മഹാരാഷ്ട്ര പി.ഒ 400708
ആകെ			0.0622			

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ എളയാവൂർ വില്ലേജിൽ മുണ്ടയാട് ദേശത്ത് പുളിക്കോം പാലത്തിന്റെ പുനർ നിർമ്മാണവും അനുബന്ധ റോഡ് നിർമാണത്തിനു വേണ്ടി ഉദ്ദേശം 0.0622 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. പുളിക്കോം പാലത്തിന്റെ പുനർ നിർമ്മാണവും അനുബന്ധ റോഡ് നിർമ്മാണവും പൂർത്തിയാകുന്നതോടെ ഈ പ്രദേശത്തെ ജനങ്ങൾക്ക് സുഗമമായ സഞ്ചാരം സാധ്യമാക്കി യാത്ര ദുരിതം ലഘൂകരിക്കാൻ ഉതകുന്നതാണ്. പദ്ധതി പ്രദേശത്ത് ഭവന നഷ്ടം, തൊഴിൽ നഷ്ടം എന്നവിയോ, ആയതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കലോ ആവശ്യമായി വരുന്നില്ല. ടി പ്രദേശത്തിന്റെ വികസനത്തിനും പ്രസ്തുത പദ്ധതി ഉപകാരപ്രദമാകുന്നതുമാണ്. ആയതിനാൽ ഈ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ, ഈ പദ്ധതിക്കേ വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് മൂലം ഉണ്ടാകുന്ന സാമൂഹിക ആഘാതത്തേകൾ വളരെ കൂടുതലാണെന്നും പഠനം ശുപാർശ ചെയ്യുന്നുണ്ട്.

(ഒപ്പ്)

ജില്ലാ കളക്ടർ , കണ്ണൂർ

.

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19.09.2015-മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടങ്ങളിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.04 02:37:56 +05:30